

# ചാവറനാദം

മാന്നാനം വി. ചാവറ തീർത്ഥാടന കേന്ദ്രത്തിന്റെ മുഖപത്രം

## സന്ദേശം



"മാമ്മോദീസായിൽ ലഭിച്ച ദൈവേഷ്ടപ്രസാദം ഒട്ടും നഷ്ടപ്പെടുത്താതെ" സുകൃതസമ്പന്നമായ ജീവിതത്തിൽ ദൈവത്തിന്റെ സ്വന്തമായി തീർന്ന് തന്റെ അഴകുള്ള ആത്മാവിനെ ദൈവതൃക്കരങ്ങളിൽ കയ്യാളിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന തീർത്ഥാടനകേന്ദ്രമായ മാന്നാനം ആശ്രമ ദൈവാലയത്തിൽ നിന്നും സ്നേഹാശംസകൾ.

കിഴക്കിന്റെ വെനീസെന്നറിയപ്പെടുന്ന ആലപ്പുഴയിലെ കൈനകരി എന്ന ഗ്രാമത്തിൽ ജനിച്ച്, 13 -ാം വയസ്സിൽ സെമിനാരി പ്രവേശനവും 24-ാം വയസ്സിൽ പുരോഹിതപട്ടവും നേടിയ വിശുദ്ധ ചാവറ പിതാവിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവാണ് മാന്നാനം. കേരള കത്തോലിക്കാസഭയിൽ ദിവ്യതേജസ്സായി ഉദിച്ചുയർന്ന ചാവറപിതാവ് മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹികപാരമ്പര്യത്താൽ അനുഗ്രഹീതമായ കേരളസഭയെ പത്തൊമ്പതാം നൂറ്റാണ്ടിൽ കൈപിടിച്ചു നടത്തുകയും, പ്രേഷിത പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുകയും ചെയ്തു. ഇടവക ധ്യാനങ്ങൾ കേരളസഭയിൽ ആരംഭിച്ചുകൊണ്ട് ആത്മീയ നവീകരണ പ്രവർത്തനങ്ങൾക്ക് കരുത്തു പകർന്നു. ദിവ്യകാരുണ്യഭക്തി വർദ്ധിപ്പിക്കുന്നതിനും വിശുദ്ധ കുർബാനയുടെ പ്രാധാന്യം ജനത്തെ പഠിപ്പിക്കുന്നതിനുമായി നാല്പതുമണി ആരാധനയും ചാവറയച്ചൻ കേരളത്തിൽ ആരംഭിച്ചു.

അഗതികൾക്ക് അഭയം നൽകാൻ ചാവറയച്ചൻ സ്ഥാപിച്ച ഉപവിശാലയിലൂടെ കാരുണ്യത്തിന്റെ വഴികളും, കുടുംബങ്ങളുടെ ശ്രേഷ്ഠതയ്ക്കും സമഗ്രവളർച്ചയ്ക്കുമായി എഴുതിയ 'ഒരു നല്ല അപ്പന്റെ ചാവരുളിലൂടെ' കുടുംബത്തിന്റെ പെരുമാറ്റച്ചട്ടങ്ങളും വിസുദ്ധൻ ജനത്തെ പഠിപ്പിച്ചു. മതസൗഹാർദ്ദത്തിന്റെ ഉത്തമവക്താവും ബഹുഭാഷാപണ്ഡിതനുമായിരുന്ന വിശുദ്ധ ചാവറയച്ചന്റെ ആത്മീയ സാഹിത്യകൃതികൾ ദൈവാനുഭവത്തിന്റെ അനുഗ്രഹീത സാക്ഷ്യങ്ങളാണ്. ജാതിയോ മതമോ ഏതായാലും നന്നായി ജീവിക്കുവാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്ന് വിശ്വസിച്ചിരുന്ന ചാവറപിതാവ് പള്ളികൾക്കൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസമേഖലയിൽ ഏവരേയും കൈപിടിച്ചുയർത്തി, അജ്ഞാനമാകുന്ന ഇരുട്ടിൽ നിന്നും ജ്ഞാനമെന്ന പ്രകാശത്തിലേക്ക് നയിച്ചു.

കാണപ്പെടുന്ന സഹോദരരെ സ്നേഹിച്ചുകൊണ്ട് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ മാതൃക നല്കിയ വിശുദ്ധ ചാവറ പിതാവിന്റെ കാലടികൾ പതിഞ്ഞ, വിശുദ്ധ പിതാവിന്റെ വിയർപ്പുതുള്ളികൾ അലിഞ്ഞുചേർന്ന ഈ മണ്ണിൽ, ഈശോയെ നല്ല അപ്പാ എന്ന് വിളിച്ചുകൊണ്ട് പിതാവ് ഉരുവിട്ട പ്രാർത്ഥനാമന്ത്രങ്ങളുടെ മാറ്റൊലി ഇപ്പോഴും നിറഞ്ഞുനിൽക്കുന്ന ഈ ദൈവാലയത്തിലേക്ക് കടന്നുവരുന്ന ഓരോരുത്തർക്കും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം ജീവിത വഴികളിൽ താങ്ങും തണലും പ്രതിസന്ധികളിൽ കരുത്തും പകരട്ടെ എന്നാശംസിക്കുന്നു. കേരളസമൂഹത്തിൽ നവോത്ഥാനത്തിന്റെ പ്രകാശം പരത്തിയ വിശുദ്ധ ചാവറപിതാവ് എങ്ങും അറിയപ്പെടട്ടെ, അനുഗ്രഹമാകട്ടെ.

**ഫാ. സ്കറിയ എതിരേറ്റ് CMI**
ഡയറക്ടർ
സെന്റ് കുര്യാക്കോസ് ഏലിയാസ് ചാവറ
തീർത്ഥാടന കേന്ദ്രം, മാന്നാനം

# നടവഴിയിലെ വിളക്കുമരം



ഡോ. സിറിയക്ക് തോമസ്

ജ്ഞാന-ഭക്തി-കർമ്മമാർഗ്ഗങ്ങൾകൊണ്ട് ത്രികാലങ്ങളേയും-ഭൂത-വർത്തമാന-ഭാവി-കാലങ്ങൾ പ്രകാശമാനമാക്കുന്നവരെയാണ് നാം കാലാതിവർത്തികൾ എന്ന് വിശേഷിപ്പിക്കുക. ചരിത്രത്തിലെ മഹാപുരുഷന്മാരാണവർ. വിശുദ്ധ ചാവറപിതാവ് ഏത് മാനദണ്ഡം വച്ച് അളന്നാലും ആ ഗണത്തിൽപെടുന്ന ഒരു ആത്മീയാചാര്യനാണ്.

അറുപത്തിയാറ് വർഷം മാത്രമേ ചാവറയച്ചൻ ഭൂമിയിൽ ജീവിച്ചിരുന്നുള്ളു. എന്നാൽ മറ്റുള്ളവർ അറുന്നൂറ് വർഷങ്ങൾകൊണ്ട് ചെയ്യുന്ന കാര്യങ്ങളാണ് അച്ചനൊറ്റയ്ക്ക് ആറു പതിറ്റാണ്ടുകൊണ്ട് ചെയ്തുതീർത്തത്. കേരളത്തിന്റെ ആത്മീയ-സാമൂഹിക-സാഹിത്യ-സാംസ്കാരിക മണ്ഡലങ്ങളെ ഇത്ര ആഴത്തിൽ സ്പർശിച്ച മറ്റൊരാൾ നമുക്കിടയിലില്ല. ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ഒരു ഇതിഹാസമായിരുന്നു ചാവറയച്ചൻ. നമുക്ക് അദ്ദേഹം നൽകിയ പൈതൃകവും അനന്യമെന്ന് പറയണം.

സ്വന്തമായ ഒരു സന്യാസസമൂഹത്തെത്തന്നെ സ്ഥാപിച്ച സന്യാസവര്യനായിരുന്നു ചാവറയച്ചൻ. എന്നാൽ നക്ഷത്ര വശാൽ അച്ചന് സന്യാസയോഗം മാത്രമല്ല കർമ്മയോഗവും രാജയോഗവും കൂടിഉണ്ടായിരുന്നിരിക്കണം! കേരളത്തിന്റെ നൂറ് ശതമാന സാക്ഷരതയുടെ നേട്ടമവകാശപ്പെടുന്ന നേതാക്കളും സംഘടനകളും ഇന്ന് ഒട്ടേറെയുണ്ടെങ്കിലും നൂറുശതമാനം സാക്ഷരതയുടെ പ്രാരംഭവിപ്ലവകാരിയായതു ചാവറയച്ചനായിരുന്നു. കേരളത്തിലെ വിദ്യാഭ്യാസവിപ്ലവത്തിനു തുടക്കമിട്ടതും അദ്ദേഹം തന്നെ. ഓരോ പള്ളിയോടും ചേർന്ന് പള്ളിക്കൂടമുണ്ടാക്കണമെന്ന കല്പനയിറക്കിയ സഭാധികാരിയായിരുന്നു ചാവറയച്ചൻ. പള്ളിക്കൂടം തുടങ്ങാൻ പണമില്ലെന്ന് പരാതിപ്പെട്ട പള്ളികളോട് പള്ളിവക പൊൻ-വെള്ളിക്കുരിശുകൾ വിറ്റിട്ടായാലും പള്ളിക്കൂടങ്ങൾ തുടങ്ങിയിരിക്കണമെന്ന് കല്പിച്ചതും അന്ന് സുറിയാനി സഭയുടെ വികാരി ജനറാളായിരുന്ന ചാവറയച്ചനാണ്.

മാന്നാനത്ത് ആശ്രമം വകയായി സ്കൂളാരംഭിക്കുവാൻ നിശ്ചയിച്ചപ്പോൾ അത് സംസ്കൃത സ്കൂളാവട്ടെ എന്ന് നിശ്ചയിച്ചതും അദ്ദേഹം തന്നെ.

സന്യാസത്തിന് പുതിയൊരുമാനം നല്കിയതും ചാവറയച്ചനാണ്. സന്യാസത്തെ ലോകത്തുനിന്നും സമൂഹത്തിൽ നിന്നുമുള്ള ഒറ്റപ്പെടൽ എന്നു കണ്ടിരുന്നിടത്ത് നിന്നാണ് അച്ചൻ പുതിയ സന്യാസസഭയെ ആത്മീയ പരിവർത്തനത്തിനുള്ള ഉപാധിയും സാമൂഹികമാറ്റങ്ങൾക്കുള്ള ഉപകരണവുമാക്കി ആകെ മാറ്റിയത്.

വരാൻപോകുന്ന കാലത്ത് എഴുത്തിനും വായനയ്ക്കുമുണ്ടാകാൻ പോകുന്ന പ്രാധാന്യത്തെ ഉൾക്കാഴ്ചയോടെ കണ്ട ചാവറയച്ചൻ മാന്നാനത്ത് സെന്റ് ജോസഫ്സ് അച്ചുകൂടത്തിനും ദീപികപ്പത്രത്തിനും വഴിമരുന്നിടുകയും ചെയ്തു. കൃഷികാര്യങ്ങളിലും അച്ചൻ വിപ്ലവത്തിന് വിത്തു പാകിയെന്നതാണ് ശ്രദ്ധേയം. വരാപ്പുഴയിൽ നിന്ന് കൊണ്ടുവന്ന മാങ്ങകളിൽ നിന്നാണ് അച്ചൻ പില്ക്കാലത്ത് പ്രസിദ്ധമായിത്തീർന്ന പ്രിയോർ എന്ന ബ്രാൻഡ് മാങ്ങകളും പ്രചരിപ്പിച്ചത്.

യഥാർത്ഥ ആത്മീയരൊക്കെ തേജസ്വികളാണെന്നാണല്ലോ വിശ്വാസം. ചരിത്രത്തിൽ ഇടം നേടിയവർ. അവരിൽ ചരിത്രം സൃഷ്ടിച്ചവരും ചരിത്രം തിരുത്തിയവരും ചരിത്രത്തെ പുനഃസൃഷ്ടിച്ചവരുമുണ്ട്. അവരിൽ പലരെയും അവരുടെ കാലത്തും അവരുടെ കാലശേഷവും ജനങ്ങൾ ആത്മീയ മഹാചാര്യന്മാരെന്ന് കൊണ്ടാടി. യുഗപുരുഷന്മാരായിരുന്നവരാണവർ. ശ്രീ ശങ്കരാചാര്യരും ചാവറയച്ചനും ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളുമൊക്കെ ആ ഗണത്തിൽ പെടുന്നവരാണ്. അവരിൽ ചിലർ കാലത്തെ തിരുത്തിയവരായിരുന്നു. മറ്റ് ചിലർ വ്യവസ്ഥിതികളെ മാറ്റിമറിച്ചവരായി. തിന്മയെ തീണ്ടാപ്പാടകലത്തിൽ നിർത്തിയവർ. നന്മകളുടെ പാഠം പറഞ്ഞുതന്നവർ. ജീവിതം കൊണ്ടുതന്നെ സമൂഹത്തിന് പാഠപുസ്തകമായവർ. ചാവറയച്ചനും നിധീരിക്കലച്ചനുമൊക്കെ ആ ഗണത്തിൽപെടുന്നു. കാലത്തെ പിടിച്ചുകുലുക്കിയവർ.

വിദ്യാഭ്യാസരംഗത്ത് അച്ചൻ വിപ്ലവം വിതച്ചത് സൗജന്യ വിദ്യാഭ്യാസത്തെ മുന്നിൽകണ്ടാണ്. തന്റെ വക സ്കൂളുകളിൽ ജാതി-മത-വിവേചനമില്ലാതെ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു. പട്ടിണിക്കാരായ കുട്ടികൾക്ക് പിടിയരി പിരിച്ച് ഉച്ചക്കഞ്ഞി കൊടുത്തു. ആൺകുട്ടികൾക്കുമാത്രമല്ല. പെൺകുട്ടികൾക്കും സ്കൂളുകളുണ്ടാവണമെന്ന് അനുശാസിച്ചു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ബോർഡിംങ്ങ് സ്കൂളുകൾപോലും വിഭാവന ചെയ്തു. ചാവറപ്പിതാവും ചരിത്രത്തിലെ വിളക്കുമരമായതങ്ങനെയാണ്. വിളക്കുമരം വഴികാട്ടിയാണ്. ജീവിതവഴിയിൽ സാമൂഹിക-ആധ്യാത്മിക-വിദ്യാഭ്യാസ-ചരിത്രഭൂമികയിലാണ് അച്ചന്റെ ജീവിതം അടയാളപ്പെടുത്തപ്പെട്ടത്.

അച്ചനെ ഒരു പയനിയർ എന്നുവിളിക്കുവാൻ സങ്കോചമാവശ്യമില്ല. പുതിയവഴിയെ ആദ്യം നടക്കുന്നവനല്ല യഥാർത്ഥ മാർഗ്ഗദർശ്ശി വഴിയില്ലാത്തിടത്ത് വഴിവെട്ടി ആ വഴിയിൽകൂടി ധൈര്യമായി ആദ്യം നടക്കുന്നവനാണ്. ചാവറയച്ചൻ വഴിയില്ലാത്തിടത്ത് വഴിവെട്ടി ആ വഴി നടന്നയാളാണ്. അച്ചന്റെ ആത്മീയത മൂന്നു ഘടകങ്ങളെയാണ് ഊന്നിനിന്നിരുന്നത്- ദൈവദർശനം, ആത്മദർശനം, സ്നേഹദർശനം. നിയമങ്ങളുണ്ടാക്കിയ ആളാണച്ചൻ. നിയമത്തിന്റെ തുല്യതയിലും പവിത്രതയിലും അച്ചൻ വിശ്വസിച്ചു. എല്ലാവരും ഒരേ നിയമത്തിന് വിധേയരാകണമെന്ന ചട്ടവും അച്ചൻ നടപ്പാക്കി. സ്ത്രീകൾക്കും സന്യാസാശ്രമം എന്നതും കാലത്തിനപ്പുറമുള്ള ഒരു കാഴ്ചപ്പാടായിരുന്നു.

## മാന്നാനം കുന്നിലെ ആത്മീയ മുന്നേറ്റത്തിന് 188 വയസ്സ്



ദ്വിതീയ എദ്രേസ്സ എന്ന വിശേഷണത്തിന് അർഹമായ മാന്നാനം കുന്നിൽ ആത്മീയ നേതൃത്വത്തിന് തിരിതെളിഞ്ഞിട്ട് 188 വയസ്സ്. മെഡിറ്ററേനിയൻ തീരത്തെ ആത്മീയ ഗിരിശൃംഗമായ കർമ്മേലമാമലപോലെ വേമ്പനാടിന്റെ തീരത്തെ പ്രകൃതിരമണീയമായ മാന്നാനം കുന്ന് അറിവിന്റെയും ആത്മീയതയുടെയും പുണ്യഭൂമിയായി ഇന്നും നിലകൊള്ളുന്നു.

# മാന്നാനം കുന്നിലെ അനുഗ്രഹസാന്നിദ്ധ്യം വി. ചാവറപിതാവ്

### 1. നൊവേനപ്രാർത്ഥന

വിശുദ്ധ ചാവറപിതാവിനോടുള്ള ഒൻപത് ആഴ്ചകളിലെ നൊവേനപ്രാർത്ഥനയിൽ പങ്കെടുത്ത് വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടി അനുഗ്രഹം സിദ്ധിച്ചതായുള്ള അനുഭവസാക്ഷ്യങ്ങളാണ് ഈ തീർത്ഥാടനകേന്ദ്രത്തിൽ



ഏറ്റവും അധികം ലഭിക്കുന്ന കൃതജ്ഞതാകുറിപ്പുകളുടെ സാരാംശം. ഒൻപത് ദിവസത്തെയും നൊവേന പ്രാർത്ഥന ഒരു ദിവസം തന്നെ ഒൻപത് പ്രാവശ്യം ചൊല്ലി കാഴ്ച വച്ച് അനുഗ്രഹം സിദ്ധിച്ചതിന്റെ സാക്ഷ്യങ്ങളും നന്ദിയോടെയാണ് തീർത്ഥാടകർ അനുസ്മരിക്കാറുള്ളത്.

### 2. മാമ്മോദീസായും നാമം നൽകലും

മാന്നാനത്ത് എത്തുന്ന തീർത്ഥാടകരിൽ സന്താനഭാഗ്യത്തിനായി ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയാണ്. കബറിടത്തിൽ പ്രാർത്ഥിച്ച് സന്താനഭാഗ്യം ലഭിച്ചാൽ കുഞ്ഞിന്റെ മാമ്മോദീസാ ഈ ദൈവാലയത്തിൽ നടത്തിക്കൊള്ളാമെന്നും, ആൺകുഞ്ഞാണെങ്കിൽ കുര്യാക്കോസ് എന്ന ചാവറപിതാവിന്റെ നാമം മാമ്മോദീസാപേരായി നല്കാമെന്നും നേർന്ന് പ്രാർത്ഥിക്കുന്ന ഒരു ശൈലി തീർത്ഥാടകരുടെ അനുഭവസാക്ഷ്യത്തിലൂടെ രൂപം കൊണ്ടതാണ്.

### 3. സൗഖ്യദർശനരൂപം

മാന്നാനത്തുള്ള ചാവറപിതാവിന്റെ കബറിടത്തിലും, ചാവറയച്ചൻ അൽഫോൻസാമ്മയ്ക്ക് രോഗസൗഖ്യം നല്കുന്ന മാന്നാനത്തെ സൗഖ്യദർശനരൂപത്തിനു മുമ്പിലും പ്രാർത്ഥിച്ച് മാറാരോഗങ്ങളിൽ നിന്നും പൂർണ്ണസൗഖ്യം നേടുന്ന അത്ഭുതസാക്ഷ്യങ്ങളുടെ എണ്ണം ഓരോ ആഴ്ചകളിലും വർദ്ധിച്ചുവരുന്നു. ചാവറപിതാവിന്റെ മാദ്ധ്യസ്ഥത്താൽ രോഗസൗഖ്യം ലഭിച്ചതായും വിശുദ്ധ ചാവറപിതാവിന്റെ ദർശനം ലഭിച്ചതായും വിശുദ്ധ അൽഫോൻസാമ്മ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.



### 4. ആദ്യശമ്പളം ആത്മീയതയ്ക്ക്

പഠനം പൂർത്തിയാക്കിയതിനുശേഷവും നല്ല ജോലിലഭിക്കുവാൻ വിഷമിക്കുന്നവരും, മത്സരപരിക്ഷകളിൽ വിജയിക്കുന്നതിനുവേണ്ടിയും ചാവറപിതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ച് അനുഗ്രഹം സിദ്ധിച്ചവർ ആദ്യശമ്പളം മാന്നാനത്തെ ആദ്ധ്യാത്മിക ശുശ്രൂഷകൾക്ക് വാഗ്ദാനം ചെയ്യുന്നത് ഇവിടുത്തെ പതിവാണ്. മാന്നാനത്തെ ആത്മീയ ശുശ്രൂഷകൾക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും ഈ തുക ഉപയോഗിക്കപ്പെടുന്നു.

### 5. വിദ്യാർത്ഥിപ്രാർത്ഥന

(പ്രത്യേക പരീക്ഷാ ഒരുക്ക പ്രാർത്ഥന)

വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ പ്രചുരപ്രചാരകനായിരുന്ന ചാവറയച്ചൻ, പത്തൊൻപതാം നൂറ്റാണ്ടിലെ ജ്ഞാനകുരുടത്തത്തിന് ഉത്തരം നൽകാൻ ആരംഭിച്ചതായിരുന്നു മാന്നാനത്തെ ആദ്യത്തെ സംസ്കൃതസ്കൂൾ. മാന്നാനത്ത് എത്തുന്ന തീർത്ഥാടകരായ വിദ്യാർത്ഥികൾക്ക് പഠനത്തിനും മത്സരപരീക്ഷകൾക്കും ഒരുങ്ങുന്നതിനുവേണ്ടി വർഷങ്ങൾക്കു മുൻപ് തയ്യാറാക്കിയതാണ് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം യാചിക്കുന്ന വിദ്യാർത്ഥിപ്രാർത്ഥന. പരീക്ഷകൾ എളുപ്പമാകുന്നതിനും, പഠനസംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, പ്രയാസമേറിയ വിഷയങ്ങൾ നന്നായി പഠിക്കുന്നതിനും അത്ഭുതകരമായ ശക്തി പ്രദാനം ചെയ്യുമെന്നുള്ളതിന്റെ അടയാളമാണ് ഇവിടെ ലഭിക്കുന്ന സാക്ഷ്യങ്ങൾ.

### 6. പിടിയരി നേർച്ച

സാമ്പത്തികമായ കടബാദ്ധ്യതയും, തൊഴിലിടങ്ങളിലെ പ്രശ്നങ്ങൾ മാറുന്നതിനും, കുടുംബത്തിലെ ദാരിദ്ര്യം മാറുന്നതിനും, ചാവറപിതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുന്നതിനായി ധാരാളം പേർ മാന്നാനത്ത് എത്താറുണ്ട്. 19-ാം നൂറ്റാണ്ടിൽ പാവപ്പെട്ടവരുടെ വിശപ്പടക്കാൻ പിടിയരി പ്രസ്ഥാനം

ആരംഭിച്ച ചാവറപിതാവിന്റെ സന്നിധിയിൽ പാവപ്പെട്ടവർക്കായി തങ്ങളാൽ സാധിക്കുന്ന അരി നേർച്ചയായി വാഗ്ദാനം ചെയ്ത് പ്രാർത്ഥിക്കുന്നതും., ദൈവാലയത്തിന്റെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്ന പിടിയരി നേർച്ച മണ്ഡപത്തിൽ പ്രതീകാത്മകമായി അരി സമർപ്പണം നടത്തി പ്രാർത്ഥിക്കുന്നതും അനുഗ്രഹദായകമാണെന്ന് സാക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നു.

### 7. സായാഹ്ന ആരാധന

മാന്നാനം തീർത്ഥാടനകേന്ദ്രത്തിന്റെ എടുത്തുപറയത്തക്ക പ്രത്യേകതയാണ്. ഇവിടുത്തെ പ്രകൃതിഭംഗി. സായാഹ്നത്തിൽ കൂടുതൽ മനോഹരിയായിതീരുന്ന മാന്നാനം മലമുകളിൽ ധാരാളം തീർത്ഥാടകർ എത്താറുണ്ട്. ഞായറാഴ്ച ദിവസങ്ങളിൽ ഈ സായാഹ്നകാഴ്ചകൾക്ക് ആത്മീയ നിറവു നൽകുന്ന ദിവ്യകാരുണ്യ ആരാധന വൈകുന്നേരം 4.30ന്റെ വിശുദ്ധ കുർബാനയോടെ ആരംഭിച്ച് 8 മണിക്ക് സമാപിക്കുന്നു. അനേകം പേർ വ്യതിരിക്തമായ ഈ ആത്മീയ അനുഭവത്തിൽ പങ്കെടുത്ത് ആത്മീയ സായൂജ്യം നേടുന്നു.



### 8. ആദ്യാക്ഷരം എഴുത്ത്

അറിവ് ദൈവഭക്തിയുടെ ആരംഭമാണെന്ന തിരിച്ചറിവിൽ നിന്നും കേരളക്കരയിൽ അക്ഷരാഭ്യാസത്തിന്റെ പ്രാധാന്യം പഠിപ്പിക്കാൻ പരിശ്രമിച്ച ചാവറപിതാവിന്റെ സന്നിധയിൽ ആദ്യാക്ഷരം കുറിച്ച് അക്ഷരങ്ങളുടെ ലോകത്തേക്ക് പ്രവേശിക്കാൻ, കുഞ്ഞുങ്ങളെ ദൂരദേശങ്ങളിൽ നിന്നുപോലും മാന്നാനത്ത് കൊണ്ടുവരാറുണ്ട്. ഫെബ്രുവരി 10ന് ചാവറപിതാവിന്റെ ജന്മദിനത്തിലും, പന്തക്കുസ്താദിനത്തിലും പ്രത്യേക ക്രമീകരണങ്ങളോടെയും, സ്ഥിരമായി എല്ലാ



ശനിയാഴ്ചകളിലും ചാവറസന്നിധിയിൽ ആദ്യാക്ഷരം കുറിക്കുന്നതിനുള്ള അവസരം ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

### 9. അടിമസമർപ്പണം

വിശുദ്ധന്റെ പ്രത്യേക മാദ്ധ്യസ്ഥ്യത്തിന് മാന്നാനത്ത് ഭക്തരെ അടിമസമർപ്പണം ചെയ്യുന്ന ചടങ്ങ് വർഷങ്ങൾക്ക് മുമ്പ് തന്നെ നടന്നുവരാറുണ്ട്. പ്രത്യേകിച്ച് പഠനവൈകല്യമുള്ള കുട്ടികളെയും നവജാത ശിശുക്കളെയും പ്രത്യേകനിയോഗങ്ങൾ സമർപ്പിച്ച് വിശുദ്ധന്റെ അടിമയായി സമർപ്പണം ചെയ്യുന്നതും ഇവിടുത്തെ പതിവാണ്.

### 10. പുതിയകാര്യങ്ങളുടെ മദ്ധ്യസ്ഥൻ

മാന്നാനംകുന്ന്, കേരള ചരിത്രത്തിലെ ആത്മീയവും സാമൂഹികവുമായ വലിയ മാറ്റങ്ങൾ വരുത്തിയ അനേകം പുത്തൻ പ്രസ്ഥാനങ്ങൾ പിറവികൊണ്ട മണ്ണാണ്. അതിനാൽ തന്നെ ജീവിതത്തിലെ പുതിയ പടവുകൾ കയറുന്നവരും, പുത്തൻ പ്രസ്ഥാനങ്ങൾ തുടങ്ങുന്നവരും മാന്നാനത്ത് ചാവറപിതാവിന്റെ കബറിടത്തിൽ എത്തി പ്രാർത്ഥിക്കുന്ന പതിവ് ഇവിടുത്തെ അനുഗ്രഹകാഴ്ചയാണ്. ദൈവാലയത്തിന്റെ മുൻവശത്തെ പ്രധാനകവാടത്തിൽ നിന്നും നീന്തി കബറിടത്തിൽ എത്തി പ്രാർത്ഥിക്കുന്നത് തീർത്ഥാടകർ വർഷങ്ങളായി ഈ ദൈവാലയത്തിൽ നടത്തിവരുന്ന ഭക്തി നിർഭരമായ ഒരു നേർച്ചയാണ്. ●

# അനുഗ്രഹത്തിന്റെ നാൾവഴികൾ



പ്രാർത്ഥനാ സഹായം
അഭ്യർത്ഥിക്കുന്നതിനും
അനുഗ്രഹങ്ങൾ അറിയിക്കുന്നതിനും
9447738150

## വിശ്വാസത്തോടെയുള്ള പ്രാർത്ഥനയ്ക്ക് ഫലം ലഭിച്ചു

7 വയസ്സുള്ള എന്റെ മകൻ ജോസ്വിൻ നോബിളിന് ഇടതു കണ്ണിന് കാഴ്ച കുറവായിരുന്നതിനാൽ ഒന്നര വർഷമായിട്ട് ചികിത്സയിലായിരുന്നു. കണ്ണിന് ഓപ്പറേഷൻ വേണമെന്ന് പറഞ്ഞിരുന്നു. ഓപ്പറേഷൻ കൂടാതെ തന്നെ സാധാരണകാഴ്ച ലഭിക്കുന്നതിനായി ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചു. അതുപോലെ കുട്ടിയുടെ അഡ്നോയിഡ് ഗ്ലാൻഡ്സ് എൻലാർജ് ചെയ്യുന്നതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളാൽ അതിനും ഓപ്പറേഷൻ നിർദ്ദേശിച്ചിരുന്നു. മാർച്ച് മാസത്തിലെ ആദ്യശനിയാഴ്ച ഇവിടെ വിശുദ്ധ കുർബാനയിലും ചാവറപിതാവിന്റെ നൊവേനയിലും, ആരാധനയിലും സംബന്ധിച്ച് കുഞ്ഞിന് നേർച്ചക്കഞ്ഞി നൽകി ഈ രണ്ട് നിയോഗങ്ങളും സമർപ്പിച്ച് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായത്താൽ സൗഖ്യം ലഭിക്കുമെന്ന ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥിച്ചു. അതിനുശേഷം നടത്തിയ ചെക്കപ്പിൽ, ഇടതുകണ്ണിന് വലതുകണ്ണിന്റേതുപോലെ കാഴ്ച ആയിട്ടുണ്ട് കണ്ണിന് ഓപ്പറേഷൻ വേണ്ട കുറച്ചുനാളുകൂടി കണ്ണാടി വച്ചാൽ മതി എന്ന് ഡോക്ടർ അറിയിച്ചു. അഡ്നോയ്ഡിന്റെ എക്സറേ എടുത്തപ്പോൾ കുഞ്ഞിന് യാതൊരു കുഴപ്പവും ഇല്ല ഓപ്പറേഷനും വേണ്ടാ എന്നും, ഇത് വലിയൊരു ദൈവാനുഗ്രഹം തന്നെയാണെന്നും ഡോക്ടർമാർ പറഞ്ഞു. വിശുദ്ധ ചാവറപിതാവിന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥ്യശക്തിയാലാണ് ഈശോയിൽ നിന്നും എന്റെ മകന് ഈ വലിയ അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറഞ്ഞ് സാക്ഷ്യപ്പെടുത്തുന്നു.

**പ്രീമാ ജോർജ്ജ് കുടശ്ശേരി കളപ്പുരയ്ക്കൽ,**
**അയർക്കുന്നം.**

## മാദ്ധ്യസ്ഥ്യം വഹിക്കുന്ന വി. ചാവറപിതാവ്



അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയായ എന്റെ മകൾ ഷട്ടിൽ കളിച്ചുകൊണ്ടിരുന്നപ്പോൾ ടെറസ്സിൽ തെന്നിവീണ് വലതുകൈയ്യുടെ തോളെല്ല് രണ്ടായി ഒടിഞ്ഞ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. എക്സ്റേ എടുത്തു പരിശോധിച്ച ഡോക്ടർമാർ സർജറി വേണമെന്ന് പറഞ്ഞപ്പോൾ ഞാൻ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യതയിൽ പ്രാർത്ഥിക്കുകയും ഓപ്പറേഷൻ കൂടാതെ കൈ സുഖപ്പെട്ടാൽ മാന്നാനത്ത് പള്ളിയിലെ ആരാധനയിൽ സാക്ഷ്യം പറഞ്ഞുകൊള്ളാമെന്നും നേർന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരാഴ്ച കഴിഞ്ഞ് വീണ്ടും എക്സ്റേ എടുത്തപ്പോൾ ഓപ്പറേഷൻ ആവശ്യമില്ല പ്ലാസ്റ്റർ ഇട്ടാൽ മതി എന്ന് ഡോക്ടർമാർ പറയുകയും പ്ലാസ്റ്റർ ഇട്ട് കൈ സുഖപ്പെടുകയും ചെയ്തു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായത്താലാണ് ഓപ്പറേഷൻ കൂടാതെ കൈ ശരിയായത് എന്ന് വിശ്വസിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

**അതുല്യ ബിജു, പ്ലാത്തോട്ടം,**
**അതിരമ്പുഴ.**

## നിരാശയിൽ കൈപിടിച്ചുയർത്തുന്ന ചാവറപിതാവ്

അബുദാബിയിൽ വച്ചുണ്ടായ ബൈക്കപകടത്തിൽ പെട്ട് അതീവഗുരുതരാവസ്ഥയിലാവുകയും ഇടതുകാൽ മുട്ടിന് കീഴെ അഞ്ചായിട്ടും വലതുകാൽ രണ്ടായും ഒടിഞ്ഞ് കൈവിരലുകളുടെ അസ്ഥികൾ വരെ പൊട്ടി ഹോസ്പിറ്റലിൽ ഒരു മാസത്തോളം ഐ.സി.യു. വിൽ ആയിരിക്കുകയും, സുഖപ്പെട്ടാലും ശരിയായി നടക്കുവാൻ സാധിക്കുകയില്ല എന്നും ഡോക്ടർമാർ പറഞ്ഞിരുന്ന എനിക്കുവേണ്ടി കുടുംബമൊന്നുചേർന്ന് വിശുദ്ധ ചാവറപിതാവിന്റെ നൊവേന നിരന്തരമായി ചൊല്ലി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നടക്കുവാൻ സാധിച്ചാൽ മാന്നാനത്ത് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് സാക്ഷ്യപ്പെടുത്താമെന്നും നേർച്ചയായി അരി നൽകാമെന്നും ആശുപത്രികിടക്കയിലായിരുന്നുകൊണ്ട് ആ ഞാൻ നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഡോക്ടർമാരെ പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് 3 മാസത്തിനുള്ളിൽ സൗഖ്യം ലഭിച്ച് ശരിയായി നടക്കുവാൻ സാധിച്ചു. വിശുദ്ധ ചാവറപിതാവിന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥ്യത്താലാണ് ഈ അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറഞ്ഞ് സാക്ഷ്യപ്പെടുത്തുന്നു.

**സിജോ, കൂടത്തിൽ ഹൗസ്, ചീരഞ്ചിറ,**
**ചങ്ങനാശ്ശേരി**

## സ്വന്തമായി ഭവനം ലഭിച്ചു

സ്വന്തമായി വീടില്ലാതെ അച്ഛന്റെ തുച്ഛമായ വരുമാനത്തെ മാത്രം ആശ്രയിച്ച് വളരെ കഷ്ടപ്പെട്ട് ജീവിച്ചിരുന്ന ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. ഞങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയ സിസ്റ്റേഴ്സ് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുവാൻ ഞങ്ങളോട് പറഞ്ഞു. അതനുസരിച്ച് ഞങ്ങൾ പ്രാർത്ഥിക്കുകയും കുറച്ച് നാളുകൾക്കുള്ളിൽ തന്നെ ഞങ്ങൾക്ക് സ്വന്തമായി വീടും മറ്റ് സൗകര്യങ്ങളും ലഭിക്കുകയും ചെയ്തു. വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് ഞങ്ങൾക്ക് ലഭിച്ച അനുഗ്രഹത്തിന് നന്ദി അറിയിക്കുന്നു.

**ജിജിൽ റ്റി. എസ്.**
**താഴത്ത് ഹൗസ്, വെങ്ങിശ്ശേരി, തൃശ്ശൂർ.**

## പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു

10 വർഷം മുമ്പ് എനിക്ക് തൈറോയ്ഡ് ക്യാൻസർ സ്ഥിരീകരിച്ചപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായത്താൽ രോഗസൗഖ്യം ലഭിച്ചു. എന്നാൽ 10 വർഷത്തിനുശേഷം രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാവുകയും ഓപ്പറേഷൻ വേണ്ടിവരുമെന്ന് ഡോക്ടർമാർ പറയുകയും ചെയ്തപ്പോൾ വീണ്ടും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായം പ്രാർത്ഥിച്ച് ഓപ്പറേഷൻ കൂടാതെ തന്നെ സൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**മോളി ജെയിംസ്**
**പുളിക്കൽ, കൊരട്ടി.**

## വിശ്വസിച്ച് പ്രാർത്ഥിച്ചാൽ



വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച്, എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ. പ്ലസ്സ് ലഭിച്ചാൽ കബറിടത്തിൽ വന്ന് സാക്ഷ്യം നൽകിക്കൊള്ളാമെന്ന് നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ഫുൾ എ പ്ലസ്സ് ലഭിച്ചു.

**ജെസ്‌ലിൻ ജോസ് , ചെത്തിമറ്റത്തിൽ,**
**ആൽപ്പാറ പി.ഓ., ഇടുക്കി.**

## വിശുദ്ധ ചാവറപിതാവ് നൽകിയ വിജയം



KTET പരീക്ഷ ആദ്യചാൻസിൽ പരാജയപ്പെട്ടപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചതിന്റെ ഫലമായി നല്ല ഗ്രേഡ് ലഭിച്ച് രണ്ടാമത്തെ പ്രാവശ്യം പാസാകാൻ സാധിച്ചു.

**ജിബിൻ ബേബൽ,**
**ആക്കാട്ടുമുണ്ടക്കൽ,**
**തിരുവാമ്പാടി, കോഴിക്കോട്**

## വിദ്യാർത്ഥികളുടെ ആശ്രയം



എന്റെ ബി.എച്ച്.എം.എസ്. ഫൈനൽ പരീക്ഷ വളരെ ബുദ്ധിമുട്ടായിരുന്നതിനാൽ ജയിക്കുമെന്ന് യാതൊരു പ്രതീക്ഷയും ഇല്ലായിരുന്നു. പരീക്ഷ കഴിഞ്ഞയിടെ കുറേദിവസത്തേക്ക് മാന്നാനത്ത് വിശുദ്ധ ചാവറപിതാവിന്റെ അടുക്കൽ വരുന്നതിന് ഇടയായി. എന്റെ പരീക്ഷാവിജയം നിയോഗം സമർപ്പിച്ച് എന്നും കബറിടത്തിലിരുന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യതയിൽ പ്രാർത്ഥിക്കുവാൻ തുടങ്ങി. മുൻപും പല അനുഗ്രഹങ്ങളും ലഭിച്ചിട്ടുള്ളതിനാൽ വളരെ വിശ്വാസത്തോടെ ഞാൻ പ്രാർത്ഥിച്ചു. റിസൽട്ട് വന്നപ്പോൾ പഠനത്തിൽ എന്നെക്കാൾ മുന്നിട്ടുനിന്നിരുന്നവരെപോലും പിന്നിലാക്കി നല്ല മാർക്കോടെ ജയിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥശക്തിയാലാണ് ഈ വിജയം എനിക്ക് ലഭിച്ചതെന്ന് വിശ്വസിച്ച് നന്ദി പറയുന്നു.

**ജിനുഎം.സുനിൽ**
**ഏറ്റുമാനൂർ.**

## അത്ഭുതസൗഖ്യത്തിനായി മാദ്ധ്യസ്ഥ്യം വഹിച്ച ചാവറപിതാവ്

ബൈക്ക് അപകടത്തിൽപെട്ട് കാൽമുട്ടുകളുടെ ലിഗമെന്റ്സ് എല്ലാം തകർന്ന് നേരെ നിൽക്കുവാൻപോലുമാകാതെ ആശുപത്രിയിലായ എന്റെ കാൽമുട്ടുകൾ ശരിയാകുവാൻ ഓപ്പറേഷൻ അല്ലാതെ മറ്റൊരു വഴിയുമില്ല എന്ന് ഡോക്ടർമാർ അറിയിച്ചു. ഇതേ അഭിപ്രായം തന്നെ 3 ഡോക്ടർമാർ പറഞ്ഞു. ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തണമേയെന്ന് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യതയിൽ പ്രാർത്ഥിച്ചുകൊണ്ട് നാലാമതായി കാണിച്ച ഡോക്ടർ പൂർണ്ണമായും സുഖപ്പെടുകയില്ല എങ്കിലും പരീക്ഷണാർത്ഥം പ്ലാസ്റ്റർ ഇട്ട് നോക്കാം എന്ന് പറഞ്ഞു. വിശുദ്ധ ചാവറപിതാവിന്റെ മദ്ധ്യസ്ഥസഹായത്താൽ ഓപ്പറേഷൻ കൂടാതെ എനിക്ക് സൗഖ്യം ലഭിക്കും എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയും അതിനായി നൊവേനചൊല്ലി മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും ചെയ്തു. എനിക്ക് നേരെ നിൽക്കാൻ കഴിഞ്ഞാൽ എന്റെ വാഹനം ഓടിച്ച് ഞാൻ മാന്നാനത്ത് പിതാവിന്റെ കബറിടത്തിൽ വന്ന് നന്ദി പറഞ്ഞുകൊള്ളാമെന്നും നേർന്നു. ഒരു ദിവസംപോലും മുടങ്ങാതെ ഞാനും കുടുംബവും ഈ നിയോഗത്തിനായി പ്രാർത്ഥിച്ചു. 45 ദിവസത്തിനുശേഷം പ്ലാസ്റ്റർ നീക്കിയപ്പോൾ എന്റെ കാലുകൾ സുഖപ്പെട്ട് എനിക്ക് നേരെ നിൽക്കുന്നതിന് കഴിഞ്ഞു. നേർന്നതിൻപ്രകാരം ഞാൻ കുടുംബസമേതം മാന്നാനത്ത് വന്ന് വി. കുർബാനയിലും നൊവേനയിലും സംബന്ധിച്ച് നന്ദി അറിയിക്കുന്നു. വിശുദ്ധ ചാവറപിതാവിലൂടെ ദൈവം നൽകിയ അനുഗ്രഹം സാക്ഷ്യപ്പെടുത്തുന്നു.

**സോയി ജോസഫ്, കുന്നംകോട്ട്**
**നാടുകാണി, കോതമംഗലം.**

## പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചു

കഴുത്തിലും വയറിലും മുഴകൾ ഉണ്ടാകുകയും പരിശോധനകളിൽ ക്യാൻസറിന്റെ സാധ്യത കണ്ടെത്തുകയും ചെയ്ത എന്റെ മരുമകനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും കബറിടത്തിൽ വന്ന് സാക്ഷ്യം നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി പിന്നീട് നടത്തിയ വിദഗ്ദ പരിശോധനയിൽ ക്യാൻസർ അല്ലെന്ന് അറിയുവാൻ സാധിച്ചു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യതസഹായത്താലാണ് അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിക്കുകയും നന്ദി പറയുകയും ചെയ്യുന്നു

**കെ.എം. മാത്യു,**
**കുറ്റ്യാനിതറപ്പേൽ, വെമ്പള്ളി.**

## അത്ഭുതസൗഖ്യം

കണ്ണിന് ജന്മനാ വൈകല്യം ഉണ്ടായിരുന്ന ഞങ്ങളുടെ കുഞ്ഞിന് ഡോക്ടർമാർ വിദഗ്ദ പരിശോധനകളുടെ ഭാഗമായി തലയുടെ സ്കാനിങ്ങ് നിർദ്ദേശിച്ചപ്പോൾ കുഞ്ഞിന്റെ കണ്ണുകൾ ശരിയാകുന്നതിനും സ്കാനിങ്ങിൽ കുഴപ്പമൊന്നും ഉണ്ടാകാതിരിക്കുന്നതിനുമായി ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും അനുഗ്രഹം സാക്ഷ്യപ്പെടുത്താമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി സ്കാനിങ്ങിൽ കുഴപ്പമൊന്നുമില്ലെന്ന് അറിഞ്ഞു. മാത്രമല്ല കണ്ണുകളുടെ വൈകല്യം ഒരു മരുന്നുംകൂടാതെ പൂർണ്ണമായി മാറുകയും ചെയ്തു. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായത്താലാണ് കുഞ്ഞിന്റെ കണ്ണുകൾ ശരിയായതെന്ന് വിശ്വസിച്ച് നന്ദി പറയുന്നു

**സിജോ തോമസ്, വട്ടപ്പറമ്പിൽ ഹൗസ്,**
**വെട്ടിത്തുരുത്ത്, ചങ്ങനാശ്ശേരി**

## വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥൻ



ഞാൻ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന സമയത്ത് നന്നായി പഠിക്കുന്നതിനുവേണ്ടി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യതയിൽ പ്രാർത്ഥിക്കുകയും ഫൈനൽ പരീക്ഷയിൽ നല്ല വിജയം ലഭിച്ചാൽ ഉപകാരസ്മരണ നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി പ്ലസ്സ് ടൂ പരീക്ഷയിൽ ഉയർന്ന വിജയം ലഭിച്ചു.

**റെജി റ്റോമി, താന്നിയ്ക്കാകുന്നേൽ ഹൗസ്, പുന്നത്തുറ വെസ്റ്റ്, ഏറ്റുമാനൂർ**

## ജീവിതപ്രതിസന്ധികളിൽ താങ്ങാകുന്ന മദ്ധ്യസ്ഥൻ

കൈമുട്ടിനുണ്ടായ അസഹ്യമായ വേദന മാറുന്നതിന് പലവിധചികിത്സകൾ ചെയ്തിട്ടും കുറയാതെ, ആഹാരം കഴിക്കുന്നതിനുപോലും കൈഅനക്കുവാൻ വയ്യാതെയും ബുദ്ധിമുട്ടിയ സന്ദർഭത്തിൽ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ച് 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ചുകൊള്ളാമെന്ന് നേർന്നു. ആദ്യത്തെശനിയാഴ്ച തന്നെ വേദന കുറയുകയും 9 ശനിയാഴ്ച ആയപ്പോൾ വേദന പൂർണ്ണമായി മാറുകയും ചെയ്തു. കൂടാതെ ജോലി ചെയ്തിരുന്ന, 57 മിഷ്യനുള്ള ടെക്സ്റ്റൈൽസ് കമ്പനിയിൽ പണ്ണി എത്താത്തതുമൂലം ഒരു മിഷ്യനുള്ള വർക്കേ ഉണ്ടായിരുന്നുള്ളു. കമ്പനി അടച്ച് ജോലി നഷ്ടപ്പെടുമെന്ന അവസ്ഥയിൽ വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് ജോലി തടസ്സം മാറ്റിത്തരണമെയെന്ന് പിതാവിന്റെ മാദ്ധ്യസ്ഥ്യതയിൽ പ്രാർത്ഥിച്ച് നൊവേനയിലും വിശുദ്ധ കുർബാനയിലും പങ്കെടുത്ത് കമ്പനിയിൽ എത്തിയപ്പോൾ അന്നുതന്നെ ഒരു ലോഡ് പണ്ണി കമ്പനിയിൽ വന്നു. ഈ അനുഗ്രഹങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായത്താലാണെന്ന് പൂർണ്ണമായി വിശ്വസിച്ച് നന്ദി പറയുന്നു.

**ജാൻസി, കുറുപ്പിനകത്ത്, ഓണംതുരുത്ത്.**

## പ്രാർത്ഥനയ്ക്കുത്തരം



വളരെ നാളുകൾ ഒരു നല്ല ഹോസ്പിറ്റലിൽ ജോലി ലഭിക്കുന്നതിനായി ശ്രമിച്ചിട്ടും കിട്ടാതിരുന്നപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സായി ജോലി ലഭിച്ചു. നന്ദി പറയുന്നു.

**നീനാ സ്റ്റാൻലി, ഗ്രീൻ ലാൻഡ്, ധനുവച്ചപുരം, തിരുവന്തപുരം**

## ആഗ്രഹസാക്ഷാത്കാരം



പ്രാർത്ഥിക്കുവാനായി മാന്നാനം ആശ്രമദൈവാലയത്തിൽ പള്ളിയിൽ എത്തിയ ഞാൻ വിശുദ്ധ ചാവറപിതാവ് താമസിച്ചിരുന്ന മുറിയിൽ ചാവറയച്ചന്റെ മാദ്ധ്യസ്ഥസഹായത്താൽ പണിയുവാൻ സാധിച്ച വീടുകളുടെ അനുഗ്രഹസാക്ഷ്യങ്ങൾ കണ്ടപ്പോൾ സ്വന്തമായി ഒരു വീട് ലഭിക്കുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും സാക്ഷ്യം നൽകാമെന്ന് നേരുകയും ചെയ്തതിന്റെ ഫലമായി 12 വർഷമായി വാടകയ്ക്ക് കഴിഞ്ഞിരുന്ന എന്റെ കുടുംബത്തിന് സ്വന്തമായി ഒരു വീട് വാങ്ങാൻ കഴിഞ്ഞതിന് നന്ദി പറയുന്നു.

**രജിത, ഇടപ്പള്ളിതുണ്ടത്തിൽ, ഏറ്റുമാനൂർ.**

## രോഗങ്ങളിൽ ആശ്വാസം നൽകുന്ന ചാവറപിതാവ്



ചികിത്സകൾ ചെയ്തിട്ടും വിട്ടുമാറാതെ ഉണ്ടായിക്കൊണ്ടിരുന്ന പനി മാറുന്നതിനായി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ച് പൂർണ്ണ സൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**ബോബി വർഗ്ഗീസ്, താന്നിയ്ക്കൽ മരങ്ങോലി.**

## നൊവേന മദ്ധ്യേ അനുഗ്രഹമാരി



ബൈക്ക് ആക്സിഡന്റിൽ തലയ്ക്ക് ഗുരുതരമായ പരുക്കേറ്റ് ഓപ്പറേഷൻ കഴിഞ്ഞ് ക്രിറ്റിക്കൽ സ്റ്റേജിൽ വെന്റിലേറ്ററിലും 20 ദിവസത്തോളം ഐ.സി.യു.വിലും കഴിയേണ്ടിവന്ന എന്റെ ഭർത്താവിന് സംസാരശേഷി തിരികെ കിട്ടാൻ ഒന്നരമാസം വേണ്ടിവരുമെന്ന് ഡോക്ടർമാർ അറിയിച്ചിരുന്നു. എന്നാൽ 15-ാമത്തെ ദിവസം, എന്റെ സഹോദരി മാന്നാനത്ത് വന്ന് വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് സംസാരശേഷി തിരികെകിട്ടുന്നതിനും സൗഖ്യം ലഭിക്കുന്നതിനും നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന അതേ സമയത്ത് തന്നെ സംസാരിക്കുന്നതിനുള്ള കഴിവ് എന്റെ ഭർത്താവിന് തിരിച്ചുകിട്ടി. വിശുദ്ധചാവറപിതാവിന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥ്യശക്തിയാലാണ് ഈ അനുഗ്രഹം ലഭിച്ചതെന്ന് വിശ്വസിച്ച് കുടുംബമൊന്നുചേർന്ന് നന്ദി പറയുന്നു.

**ഷൈനി ജോയി & ജോയി ജോൺ വെട്ടുകല്ലേൽ പോത്താനിക്കാട്, മൂവാറ്റുപുഴ**

## കുടുംബപ്രേഷിതൻ ചാവറപിതാവ്



വളരെ ചികിത്സകൾ ചെയ്തിട്ടും മക്കളുണ്ടാകാതിരുന്ന ഞങ്ങൾ മാന്നാനത്ത് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുകയും സന്താനഭാഗ്യം ലഭിച്ചാൽ ഫോട്ടോസഹിതം സാക്ഷ്യപ്പെടുത്താമെന്നും നേർന്നു. കണ്ണീരോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ഞങ്ങൾക്ക് ഒരു കുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് ജീവിതകാലം മുഴുവൻ വിശുദ്ധ ചാവറപിതാവിനോട് നന്ദിയും കടപ്പാടും ഉള്ളവരായിരിക്കും.

**പ്രമോദ് പി.കെ. പുതുപ്പറമ്പിൽ ഹൗസ്, വെള്ളൂർ പി.ഒ. പാമ്പാടി**

## വിശ്വാസത്തിന് ലഭിച്ച വിജയം



എന്റെ പേര് ലിസാ ജോസ് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ച് 9 ശനിയാഴ്ചകളിൽ വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിക്കുകയും സാക്ഷ്യം നൽകാമെന്നും നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി പരീക്ഷ വളരെ ബുദ്ധിമുട്ടായിരുന്നിട്ടും OET പരീക്ഷ ആദ്യശ്രമത്തിൽ തന്നെ വിജയിച്ചു.

**ലിസാ ജോസ് (നിജോ), കപ്രായിൽ ഹൗസ്, കരിപ്പൂത്തട്ട്**

## പഠനത്തിൽ തുണയാകുന്ന ചാവറപിതാവ്

9 ശനിയാഴ്ച വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ച് സാക്ഷ്യപ്പെടുത്താമെന്ന് നേർന്നതിന്റെ ഫലമായി ഓസ്ട്രേലിയൻ മെഡിക്കൽ കൗൺസിൽ പരീക്ഷ ആദ്യചാൻസിൽ തന്നെ പാസ്സാകാൻ എനിക്ക് കഴിഞ്ഞു. ജോലി ഭാരത്താലും കുടുംബത്തിലെ ഉത്തരവാദിത്വങ്ങളാലും ശരിയായി പഠിയ്ക്കുവാൻ സാധിച്ചിരുന്നില്ല എങ്കിലും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യസഹായത്താൽ മാത്രമാണ് ആദ്യശ്രമത്തിൽ തന്നെ പാസ്സായതെന്ന് പൂർണ്ണമായി വിശ്വസിച്ച് നന്ദി പറയുന്നു.

**ഡോ. ഡാലിയ ഡെന്നി മോണിംഗ് സ്റ്റാർ ഹോസ്പിറ്റൽ, അടിമാലി.**

## അത്ഭുതസൗഖ്യം



ജനിച്ച ഉടനെ തന്നെ കഠിനമായ ശ്വാസം മുട്ടലും മൂന്നാം ദിവസം മുതൽ യൂറിൻ പോകാതെയും NICU വിൽ ചികിത്സയിൽ ആയിരുന്ന എന്റെ കുഞ്ഞിന്റെ സൗഖ്യത്തിനുവേണ്ടി കുടുംബമൊന്നുചേർന്ന് മാന്നാനത്ത് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും സാക്ഷ്യം എഴുതി നല്കാമെന്ന് നേരുകയും ചെയ്തതിന്റെ അടുത്ത ദിവസം തന്നെ കുഞ്ഞിന്റെ അവസ്ഥയിൽ പുരോഗതി ഉണ്ടാകുകയും തുടർന്നുള്ള ദിവസങ്ങളിൽ പൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു. നന്ദി പറയുന്നു.

**നിതിൻ അലക്സ, മുണ്ടയ്ക്കൽ ഹൗസ് ചങ്ങനാശ്ശേരി.**

## വിശുദ്ധ കബറിടം നൽകിയ രോഗശാന്തി

ഞങ്ങളുടെ രണ്ടുവയസ്സുള്ള കുട്ടിക്ക് 21 ദിവസത്തോളം പനി കുറയാതെ നിന്ന് കോട്ടയത്ത് കുട്ടികളുടെ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ ന്യൂമോണിയ ആണെന്നും ഹോസ്പിറ്റലിൽ അഡ്മിറ്റാക്കണമെന്നും പറഞ്ഞു. ആശുപത്രിയിൽ നിന്നും കുട്ടിയുമായി എല്ലാവരുംകൂടി മാന്നാനത്ത് വിശുദ്ധ ചാവറപിതാവിന്റെ കബറിടത്തിൽ വരികയും കുട്ടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. പള്ളിയിൽ നിന്നും തിരിച്ചുപോരുന്ന വഴിയ്ക്കുതന്നെ കുട്ടിയുടെ പനി കുറയുകയും പിറ്റേദിവസം പൂർണ്ണസൗഖ്യം ലഭിക്കുകയുംചെയ്തു നന്ദി പറയുന്നു.

**റിച്ചാർഡ് സേവ്യർ, കല്ലറയ്ക്കൽ, മുണ്ടക്കയം.**

## പൂർണ്ണ സൗഖ്യം ലഭിച്ചു



അൾസർ രോഗം മൂലവും വാതരോഗത്തിന്റെ ശാരീരിക വേദനകളാലും വളരെയധികം വിഷമിച്ച എന്റെ സഹോദരി വിശുദ്ധ ചാവറപിതാവിന്റെ നൊവേന ചൊല്ലി മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി രോഗങ്ങളിൽ നിന്ന് പൂർണ്ണസൗഖ്യം ലഭിച്ചതിന് നന്ദി പറയുന്നു.

**ഷേർളി ജോസ്, ചേരുംതടത്തിൽ, ഡൽഹി.**

## സന്താനഭാഗ്യം



വിവാഹം കഴിഞ്ഞ് 8 വർഷമായിട്ടും മക്കളില്ലാതിരുന്ന എന്റെ സഹോദരന് സന്താനഭാഗ്യം ലഭിക്കുന്നതിന്,സ്ഥിരമായിനൊവേന ചൊല്ലി വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ച് സാക്ഷ്യപ്പെടുത്താമെന്നും നേർന്നതിന്റെ ഫലമായി ഒരു ആൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

**ആലീസ് ദേവസി, എഞ്ചാക്കൽ ഹൗസ് നിയർ ഗുഡ്ഷേയ് ഹൈപ്പർ മാർക്കറ്റ്, എറണാകുളം**

## വിദ്യാർത്ഥികൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം



എല്ലാ ശനിയാഴ്ചയും നൊവേനയിലും വിശുദ്ധ കുർബാനയിലും സംബന്ധിച്ച് പ്രാർത്ഥിക്കുകയും ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം സാക്ഷ്യപ്പെടുത്തിക്കൊള്ളാമെന്ന് നേർന്ന് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി എനിക്ക് ജർമ്മൻ A1 എക്സാമിന് നല്ല മാർക്ക് ലഭിച്ച് പാസ്സാകാൻ സാധിച്ചതിന് നന്ദി പറയുന്നു .

**കുര്യാക്കോസ് സേവ്യർ പുത്തൻപറമ്പിൽ, പട്ടിത്താനം, ഏറ്റുമാനൂർ**

## നിരാശയിൽ പ്രത്യാശ നല്കുന്ന ചാവറപിതാവ്



ഡിഗ്രി അവസാനവർഷപരീക്ഷയിൽ ഒരു പേപ്പറിന് പരാജയപ്പെട്ട്, ഒരു വർഷം നഷ്ടപ്പെടുന്നതോർത്തും മറ്റുള്ളവരുടെ സഹതാപവും മൂലം വിഷമിച്ച് വിശുദ്ധ ചാവറപിതാവിന്റെ നൊവേനയിൽ 9 ശനിയാഴ്ച പങ്കെടുത്തുകൊള്ളാമെന്ന് നേർന്ന് റീവാല്യുവേഷന് കൊടുത്തതിന്റെ ഫലമായി പരീക്ഷയിൽ ജയിച്ചതിന് നന്ദി പറയുന്നു .

**ജിമ്മി, തോട്ടത്തിൽ ഹൗസ്, നീണ്ടൂർ, കോട്ടയം**

## സൗഖ്യം നൽകുന്ന സ്നേഹിതൻ



വളരെ മരുന്നുകൾ കഴിച്ചിട്ടും വിട്ടുമാറാതെ ഉണ്ടായിക്കൊണ്ടിരുന്ന തലകറക്കവും ഛർദ്ദിയും വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യ സഹായത്താൽ മാറിയതിന് നന്ദി പറയുന്നു.

**തോമസ് കെ.എം. കുഴിവേലിൽ വയല, കോട്ടയം**

## രോഗങ്ങളിൽ മാദ്ധ്യസ്ഥ്യം



തലകറക്കവും പ്രഷർ കുറവും ഉണ്ടായതിനെ തുടർന്ന് നടത്തിയ വിദഗ്ദപരിശോധനയിൽ ബ്രെയിൻ ട്യൂമറാണെന്നും തലച്ചോറിൽ വെള്ളം കെട്ടിക്കിടക്കുന്നതായും കണ്ടെത്തി, ഓപ്പറേഷൻ നിർദ്ദേശിക്കപ്പെട്ടപ്പോൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും സൗഖ്യം ലഭിക്കണമെയെന്ന നിയോഗത്തിൽ കുർബാനയും നൊവേനയും നേരുകയും ചെയ്തതിന്റെ ഫലമായി ഓപ്പറേഷൻ പൂർണ്ണവിജയമാവുകയും സൗഖ്യം ലഭിക്കുകയും ചെയ്തു. ദൈവം വിശുദ്ധ ചാവറപിതാവിന്റെ അത്ഭുതകരമായ മാദ്ധ്യസ്ഥ്യസഹായത്താൽ നല്കിയ അനുഗ്രഹത്തിന് നന്ദി പറയുന്നു.

**കുര്യച്ചൻ, നടുച്ചിറയിൽ, പൊന്നാട്, മുഹമ്മ.**

## നന്ദി പറയുന്നു



വിശുദ്ധ ചാവറപിതാവിന്റെ നൊവേന നിരന്തരമായി ചൊല്ലി മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചതിന്റെ ഫലമായി NITTE, MDS പരീക്ഷയിൽ ഉയർന്ന സ്ഥാനം ലഭിച്ചതിന് നന്ദി പറയുന്നു.

**ഡോ. ബെസ്സി ബാബു, കാഞ്ഞിരത്തിങ്കൽ ഹൗസ്, ഇലഞ്ഞി**

## ഹൃദയം നൊന്തുവിളിച്ചപ്പോൾ

ഞങ്ങളുടെ മകൻ ജെറമിയാ, ജനിക്കുന്നതിന് തൊട്ടുമുമ്പ് വരെ യാതൊരു കുഴപ്പവുമില്ലാതിരുന്ന കുഞ്ഞിന് വയറ്റിലായിരിക്കെ പെട്ടെന്ന് അനക്കമില്ലാതായതിനാൽ ആശുപത്രിയിൽ എത്തിച്ച് ഉടൻ തന്നെ ഓപ്പറേഷൻ ചെയ്ത് കുഞ്ഞിനെ പുറത്തെടുത്തു. പൊക്കിൾകൊടി കുഞ്ഞിന്റെ കഴുത്തിൽ ചുറ്റിയതുമൂലം യൂറിനും മോഷനും കുഞ്ഞിന്റെ ശ്വാസകോശത്തിൽ കടന്ന് ശാരീരികാവയവങ്ങളുടെ പ്രവർത്തനം മന്ദഗതിയിലായി അതീവതുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ പ്രവേശിപ്പിക്കപ്പെട്ട കുഞ്ഞിനെ രക്ഷപ്പെടുത്തുക സാധ്യമല്ലെന്ന് ഡോക്ടർമാർ പറഞ്ഞു. ഇതിന്റെ കൂടെ കുഞ്ഞിന്റെ പുറത്ത് രണ്ട് പരുക്കൾ ഉണ്ടായി ഇൻഫെക്ഷനായി, സർജറി വേണ്ടി വന്നു. വിദേശത്ത് ആരും സഹായമില്ലാതെ മാനസികമായി വളരെ തകർന്ന ഞങ്ങൾ വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യതയിൽ ഉറച്ച് വിശ്വസിച്ചുകൊണ്ട് സൗഖ്യദായകനായ ദൈവത്തോട് പ്രാർത്ഥിക്കുവാൻ തുടങ്ങി. ചാവറപിതാവിന്റെ 9 ദിവസത്തെ നൊവേന ഒരു ദിവസം 9 പ്രാവശ്യം വീതം, 9 ദിവസം ചൊല്ലി പ്രാർത്ഥിച്ചു. കൂടാതെ മാന്നാനത്ത് പള്ളിയിലേക്ക് അറിയിച്ച് മാദ്ധ്യസ്ഥപ്രാർത്ഥന ആവശ്യപ്പെടുകയും നൊവേനയിൽ പറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്തു. അതിന്റെ ഫലമായി 20 ദിവസത്തോളം വെന്റിലേറ്ററിൽ കഴിഞ്ഞ കുഞ്ഞിനെ ഐ.സി.യു.വിലേക്ക് മാറ്റി. വീണ്ടും 30 ദിവസം ഐ.സി.യുവിൽ കഴിഞ്ഞതിനുശേഷം 50 ദിവസങ്ങൾക്കുശേഷം പൂർണ്ണ ആരോഗ്യത്തോടെ കുഞ്ഞിനെ ഞങ്ങൾക്ക് ലഭിച്ചു. കുവൈറ്റ് ഹോസ്പിറ്റലിലെ അറബികളായ ഡോക്ടർമാരെപ്പോലും ഈ കുട്ടിയുടെ കാര്യത്തിൽ ഏതോ അദൃശ്യശക്തി പ്രവർത്തിക്കുന്നുണ്ട് എന്ന് പറയിപ്പിച്ചുകൊണ്ട് അത്ഭുതകരമായ സൗഖ്യം കുഞ്ഞിന് നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. വിശുദ്ധ ചാവറപിതാവിന്റെ ശക്തിയേറിയ മാദ്ധ്യസ്ഥസഹായത്താൽ മാത്രമാണ് ഞങ്ങൾക്ക് ഈ അനുഗ്രഹം ലഭിച്ചതെന്ന് പൂർണ്ണമായി വിശ്വസിച്ചുകൊണ്ട് നന്ദി പറയുന്നു.

**ജോബിൻ & നീതു കുവൈറ്റ്.**



## ജീവിത പ്രതിസന്ധികളിൽ തുണയാകുന്ന ചാവറപിതാവ്

ഏതാനും വർഷം മുൻപ് മകന് ബാംഗ്ളൂരിൽ ബി.ഡി.എസ്. ന് അഡ്മിഷൻ ശരിയായതിനുശേഷം വിദ്യാഭ്യാസലോൺ ലഭിക്കുന്നതിനായി വസ്തുസംബന്ധമായ ഒരു സർട്ടിഫിക്കറ്റ് വില്ലേജാഫീസിൽ നിന്നും ലഭിക്കേണ്ടിയിരുന്നു. ഒന്നരമാസത്തോളം അതിന്റെ പുറകെ നടന്നിട്ടും സർട്ടിഫിക്കറ്റ് കിട്ടിയില്ല. രണ്ട് ദിവസത്തിനകം സർട്ടിഫിക്കറ്റ് കിട്ടിയില്ലെങ്കിൽ പഠനം തന്നെ മുടങ്ങുമെന്ന അവസ്ഥയിൽ, വിശുദ്ധ ചാവറപിതാവിന്റെ രൂപത്തിൽ തൊട്ട് ഇങ്ങനെ പ്രാർത്ഥിച്ചു. പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വിദ്യാഭ്യാസത്തിനായി ജീവിതം ഉഴിഞ്ഞുവച്ച വിശുദ്ധ ചാവറപിതാവേ എന്റെ മകന്റെ വിദ്യാഭ്യാസത്തിന് വന്നിട്ടുള്ള തടസ്സങ്ങൾ മാറ്റി എനിക്കാവശ്യമായ സർട്ടിഫിക്കറ്റ് ഉടനെ ലഭിക്കണമേ എന്ന്. വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായത്താൽ പിറ്റേദിവസം വൈകുന്നേരം സർട്ടിഫിക്കറ്റ് എന്റെ സുഹൃത്തിന്റെ കടയിൽ ഏല്പിച്ചിട്ടുണ്ട് എന്ന ഫോൺസന്ദേശം എനിക്ക് ലഭിച്ചു. സർട്ടിഫിക്കറ്റ് ലഭിച്ചതോടെ ബാങ്കിൽ നിന്ന് ലോൺ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങുകയും ചെയ്തു. വിശുദ്ധ ചാവറപിതാവ് ഞങ്ങൾക്ക് നല്കിയ സ്നേഹകരുതലിന് കുടുംബസമേതം മാന്നാനത്ത് എത്തി നന്ദി പറയുന്നു.

**അസ്സീസ്സി കെ. ജെ. കൊച്ചുനിരവത്ത്**
**മച്ചിപ്ലാവ്, അടിമാലി**



## 9 ശനിയാഴ്ചകളിലെ നൊവേന നൽകിയ സൗഖ്യം

വലതുകൈയുടെ തോൾ മുതൽ കൈപ്പത്തിവരെ സൂചികുത്തുന്നതുപോലെയുള്ള വേദന മൂലം യാതൊരു ജോലിയും ചെയ്യുവാനാകാതെ ബുദ്ധിമുട്ടിയ ഞാൻ വേദന മാറുന്നതിനായി ആശുപത്രിയിൽ കാണിച്ച് മരുന്നുകൾ കഴിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്തിട്ടും 6 മാസത്തോളം വേദന കുറയാതെ വന്നപ്പോൾ 9 ശനിയാഴ്ച വിശുദ്ധ കുർബാനയിലും നൊവേനയിലും സംബന്ധിച്ച് വിശുദ്ധ ചാവറപിതാവിന്റെ മാദ്ധ്യസ്ഥസഹായം പ്രാർത്ഥിച്ചതിന്റെ ഫലമായി കൈവേദന പൂർണ്ണമായും വിട്ടുമാറിയതിന് നന്ദി പറയുന്നു.

**അലക്സ്, വാളംപറമ്പിൽ, പുന്നത്തുറ.**



## മത്സരങ്ങളിൽ വിജയം ലഭിച്ചു

എന്റെ പേര് അനിറ്റാ ജോസഫ്. ഞാൻ ആലപ്പുഴ പുത്തൻകാട് ഇടവകാംഗമാണ്. എനിക്ക് വേൾഡ് യൂണിവേഴ്സിറ്റി പവർലിഫ്റ്റിംങ്ങ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അവസരം കിട്ടിയതുമുൽ ഞാൻ എന്നും വിശുദ്ധ ചാവറപിതാവിനോട് നൊവേന ചൊല്ലി മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചതിന്റെ ഫലമായി 19 യൂണിവേഴ്സിറ്റികളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്ത ചാമ്പ്യൻഷിപ്പിൽ എനിക്ക് ഒന്നാം സ്ഥാനം ലഭിച്ചു. ഈശോയിൽ നിന്ന് വിശുദ്ധ ചാവറപിതാവുവഴി ലഭിച്ച അനുഗ്രഹത്തിന് ആയിരമായിരം നന്ദി.

**അനിറ്റ ജോസഫ്, പുത്തൻപറമ്പ്**
**തിരുവാമ്പാടി, ആലപ്പുഴ**



## ഭവനം ലഭിച്ചു

എനിക്ക് 3 സെന്റ് സ്ഥലത്ത് ഒരു ചെറിയ വീടായിരുന്നു. യാതൊരു സൗകര്യവുമില്ലാത്തതിനാൽ ഞാൻ വളരെ വിഷമിച്ചിരുന്നു. നല്ലൊരു ഭവനം പണിയാൻ സാധിക്കുന്നതിനുവേണ്ടി ഞാൻ വിശുദ്ധചാവറപിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചതിന്റെ ഫലമായി നല്ലൊരു വീട് പണിയുവാൻ സാധിച്ചതിന് നന്ദി പറയുന്നു .

**പുഷ്പമ്മ ജോസഫ് പുത്തൻപറമ്പ്**
**തിരുവാമ്പാടി, ആലപ്പുഴ**






ചാവറ ജയന്തി ആഘോഷം



സെമിനാർ

നവോത്ഥാന നായകനായ ചാവറ അച്ചൻ












ചങ്ങനാശ്ശേരി അതിരൂപതയിലെ മിഷൻ ലീഗ് അംഗങ്ങൾ നടത്തിയ ചാവറ തീർത്ഥാടനം




## വി. ചാവറ തീർത്ഥാടന കേന്ദ്രത്തിലെ ആത്മീയ ശുശ്രൂഷകൾ



**ഞായറാഴ്ച**
06.00 am – വി.കുർബ്ബാന
07.00 am – വി.കുർബ്ബാന
11.00 am – വി.കുർബ്ബാന
04.30 pm – വി.കുർബ്ബാന

**വെള്ളിയാഴ്ച**
06.00 am – വി.കുർബ്ബാന, നൊവേന
07.30 am – വി.കുർബ്ബാന, നൊവേന
09.00 am – വി.കുർബ്ബാന, നൊവേന
11.00 am – വി.കുർബ്ബാന, നൊവേന
04.30 pm – വി.കുർബ്ബാന, നൊവേന

**ശനിയാഴ്ച**
05.15 am – വി.കുർബ്ബാന
06.15 am – വി.കുർബ്ബാന
08.00 am – വി.കുർബ്ബാന
09.30 am – വി.കുർബ്ബാന
11.00 am – വി.കുർബ്ബാന
04.30 am – വി.കുർബ്ബാന, ആരാധന

എല്ലാ ദിവസവും കുമ്പസാരത്തിനും, അടിമസമർപ്പണത്തിനും, ആദ്യാക്ഷരം എഴുത്തിനുമുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

Published by : St. Kuriakose Elias Chavara Pilgrim Centre, Mannanam, Design & Production : Wild Thoughts, Kottayam 0481-2576959